# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3200 11.12.2014 ലെ മറുപടിയ്ക്ക്

## കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് എന്തൊക്കെ ഇളവ് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്.ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര പ്രവൃത്തി ഏറ്റെടുത്തു; എത്ര എണ്ണം പൂർത്തീകരിച്ചു; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ആകെ 191 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഇതിൽ 50 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികൾ കമ്മീഷൻ കൈപ്പറ്റി സ്വകാര്യ കരാറുകാർക്ക് മറിച്ച് നൽകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾ മറിച്ച് നൽകി; ഏതൊക്കെ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോർപ്പറേഷന്റെ പാനലിൽപ്പെട്ട കരാറുകാരെകൊണ്ട് പണി ചെയ്യിക്കുകയാണ് പതിവ്. |
| (ഡി) ടെണ്ടറുകൾ മറിച്ച് നൽകിയവയിൽ 104.81 കോടി സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന എ.ജിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;പകർപ്പ് | (ഡി) ഗവണ്മെന്റ് കരാറുകൾ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 104.81 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്ന |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ; | & | സി&എ.ജി.യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ മാത്രം ബാധിക്കുന്നതല്ല. ഒരു പൊതു റിപ്പോർട്ടാണിത്. അതിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ഉൾപ്പെടുന്നുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |
| (എഫ്) | സ്വകാര്യ കരാറുകാരുമായി ചേർന്ന് സർക്കാരിന് കോടികളുടെ നഷ്ടമുണ്ടാക്കുന്ന കോർപ്പറേഷൻ അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | സ്വകാര്യ കരാറുകാരുമായി ചേർന്ന് സർക്കാരിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ കോർപ്പറേഷൻ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്